**15 -ാം കേരള നിയമസഭ**

**14 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3073** **07-10-2025 - ൽ മറുപടിയ്ക്ക്**

**തീരസംരക്ഷണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ),<br>ശ്രീ. എം. വിൻസെന്റ്,<br>ശ്രീ. അൻവർ സാദത്ത്,<br>ശ്രീ. സി. ആർ. മഹേഷ്** | | **ശ്രീ. റോഷി അഗസ്റ്റിൻ<br>(ജലവിഭവ വകുപ്പ് മന്ത്രി)** | |
| (എ) | സംസ്ഥാനത്തിന്റെ തീര സംരക്ഷണത്തിനായി ജലവിഭവ വകുപ്പ് നടപ്പാക്കുന്ന പദ്ധതികൾ ഫലപ്രദമാകുന്നില്ല എന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇക്കാര്യം ഗൗരവത്തോടെ കാണുന്നുണ്ടോ; വിശദാംശം നൽകാമോ; | (എ) | കേരളത്തിന്റെ തീരപ്രദേശത്ത് കാലാവസ്ഥാ വ്യതിയാനത്തിന്റെയും, മറ്റ് പ്രകൃതി പ്രതിഭാസങ്ങളുടെയും ഫലമായുണ്ടാകുന്ന രൂക്ഷമായ കടലാക്രമണം, മുൻകാലങ്ങളെ അപേക്ഷിച്ച് വർദ്ധിച്ചു വരികയാണ്. അറബിക്കടലിൽ രൂപപ്പെടുന്ന ആവർത്തിച്ചുള്ള ചുഴലിക്കാറ്റാണ് തീരദേശശോഷണത്തിന്റെ ആഘാതം വർധിപ്പിക്കുന്നത്. ഇതിന് പരിഹാരമായി, അപകടസാധ്യതയുള്ള തീരപ്രദേശങ്ങളെ സംരക്ഷിക്കാൻ സർക്കാർ വർഷങ്ങളായി നിരവധി നടപടികൾ സ്വീകരിച്ച് വരുന്നു. 1990 മുതൽ 2018 വരെ കേരളതീരത്തിന്റെ മാറ്റങ്ങളെക്കുറിച്ച് നാഷണൽ സെന്റർ ഫോർ കോസ്റ്റൽ റിസർച്ച് (NCCR) നടത്തിയ വിലയിരുത്തൽ പ്രകാരം, കേരളതീരത്തിന്റെ ഏകദേശം 43.9% തീരശോഷണം നേരിടുന്നവയാണെന്ന് കണ്ടെത്തിയിട്ടുണ്ട്. 40-60 വർഷങ്ങൾക്ക് മുമ്പ് നിർമ്മിച്ച കടൽ ഭിത്തികളിൽ പലതും അവയുടെ സ്വാഭാവിക ആയുസ്സ് അവസാനിക്കുന്ന ഘട്ടത്തിലാണ്. ചില സന്ദർഭങ്ങളിൽ, തീരദേശപ്രദേശങ്ങൾക്ക് നിലവിൽ ടി കടൽഭിത്തികൾ നൽകുന്ന സംരക്ഷണം വളരെ കുറവാണ്. ആയതിനാൽ, ഇപ്പോഴും, ഭാവിയിലും സുസ്ഥിരമായതും, ചെലവ് കുറഞ്ഞതുമായ, തെളിയിക്കപ്പെട്ട ആശയങ്ങളോട്ടു കൂടിയ നൂതനമായ തീര സംരക്ഷണ പരിഹാരങ്ങൾ നടപ്പിലാക്കുവാനാണ് ജലവിഭവ വകുപ്പ് ഉദ്ദേശിക്കുന്നത്. കേന്ദ്ര സർക്കാരിന്റെ കീഴിലുള്ള സ്ഥാപനങ്ങളായ സെൻട്രൽ വാട്ടർ ആൻഡ് പവർ റിസർച്ച് സ്റ്റേഷൻ, പൂനെ, ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ടെക്നോളജി ചെന്നൈ, മിനിസ്ട്രി ഓഫ് എർത്ത് സയൻസ്സസിന് കീഴിലുള്ള ചെന്നൈ ആസ്ഥാനമായ നാഷണൽ സെന്റർ ഫോർ |

| | | | |
|---|---|---|---|
| | | | കോസ്റ്റൽ റിസർച്ച് തുടങ്ങിയ സ്ഥാപനങ്ങൾ വിശദമായ പഠനം നടത്തി, ഓരോ പ്രദേശങ്ങൾക്കും അനുയോജ്യമായ ഡിസൈൻ രൂപീകരിച്ച് പ്രകൃതിദത്ത തീരസംരക്ഷണം സാധ്യമല്ലാത്ത പ്രദേശങ്ങളിൽ നിർദ്ദേശിച്ചിട്ടുള്ള ഗ്രോയിനുകളും, കടൽഭിത്തികളും പോലുള്ള ഘടനകളാണ് നിർദ്ദേശിച്ചിരിക്കുന്നത്. എന്നിരുന്നാലും, കാലാവസ്ഥാ വ്യതിയാനത്തിന്റെയും മറ്റ് പ്രകൃതി പ്രതിഭാസങ്ങളുടെയും ഫലമായുണ്ടാകുന്ന തീരശോഷണം ഫലപ്രദമായി ലഘൂകരിക്കുന്നതിന്, സ്ഥിരമായ ബദൽ പരിഹാരങ്ങൾ സ്വീകരിക്കേണ്ടതുണ്ട്. ഇതിന്റെ ഗൗരവം ഉൾക്കൊണ്ട്, തീരസംരക്ഷണം ലക്ഷ്യമിട്ട് ജലവിഭവ വകുപ്പ് തുടർനടപടികൾ സ്വീകരിച്ചു വരികയാണ്. |
| (ബി) | തീര സംരക്ഷണത്തിനായി ടെട്രാപോഡ് സ്ഥാപിക്കുന്നതിനുള്ള ഏതൊക്കെ പദ്ധതികളാണ് നിലവിൽ ജലസേചന വകുപ്പ് ഏറ്റെടുത്തിട്ടുള്ളത്; പ്രസ്തുത പദ്ധതികൾ പൂർത്തീകരിക്കുന്നതിന് കാലതാമസം നേരിടുന്നതിന്റെ കാരണം വ്യക്തമാക്കുമോ; | (ബി) | എറണാകുളം ജില്ലയിലെ ചെല്ലാനം പഞ്ചായത്തിന്റെ തീരസംരക്ഷണത്തിനായി ഒന്നാം ഘട്ടമായി ചെല്ലാനം ഹാർബർ മുതൽ പത്തേൻതോട് ബീച്ച് വരെ (CP 986 to CP 1016) ടെട്രാപോഡ് ഉപയോഗിച്ച് 7.3 കി.മീ. നീളത്തിൽ കടൽഭിത്തി നിർമ്മാണം KIIDC മുഖേന പൂർത്തീകരിച്ചിട്ടുണ്ട്. രണ്ടാം ഘട്ട നിർമ്മാണ പ്രവൃത്തിയിൽ കിഫ്ബി ഫണ്ടിലൂടെ ടെട്രാപോഡ് ഉപയോഗിച്ചുള്ള കടൽഭിത്തി നിർമ്മാണത്തിനുള്ള DPR കേരള ഇറിഗേഷൻ ഇൻഫ്രാസ്ട്രക്ച്ചർ ഡെവലപ്പ്മെന്റ് കോർപ്പറേഷൻ-KIIDC (ജലവിഭവ വകുപ്പിന്റെ Special Purpose Vehicle ആണ് KIIDC) അനുമതിക്കായി സർക്കാരിൽ ലഭ്യമാക്കിയിട്ടുണ്ട്. ആയതു പരിശോധിച്ച് നടപടി സ്വീകരിക്കാവുന്നതാണ്. Renovation of the Groynes at Poonthura in Thiruvananthapuram Constituency General Civil Work – Groyne/ പുലിമുട്ടുകളുടെ 1750 ലക്ഷം രൂപയുടെ നിർമ്മാണ പ്രവൃത്തി നടന്നു വരുന്നു. കല്ലിന്റെ ലഭ്യതക്കുറവും, കടലാക്രമണ സമയത്ത് പ്രവൃത്തികൾ മന്ദഗതിയിലാകുന്നതും കാരണം പ്രവൃത്തികൾക്ക് കാലതാമസം നേരിടാറുണ്ട്. |
| (സി) | തീരപ്രദേശത്തിന്റെ സംരക്ഷണവും തീരദേശ ജനതയുടെ സുരക്ഷയും ഉറപ്പാക്കുന്നതിനായി കടൽ ഭിത്തി നിർമ്മാണം ഉൾപ്പെടെയുള്ള തീരസംരക്ഷണ പ്രവർത്തനങ്ങൾ സമയബന്ധിതമായും ഫലപ്രദമായും നടപ്പാക്കുന്നതിന് നടപടി സ്വീകരിക്കുമോ; വ്യക്തമാക്കാമോ? | (സി) | സംസ്ഥാനത്ത് തീരശോഷണവും, കടലാക്രമണവും തടയുക എന്ന മുഖ്യ ലക്ഷ്യത്തോടെ, കടലാക്രമണത്തിനിരയാകുന്ന തീരപ്രദേശങ്ങൾ മുൻഗണനാക്രമത്തിൽ പഠനത്തിന് വിധേയമാക്കി, ശാസ്ത്രീയവും, സമഗ്രവുമായ ഡിസൈൻ അനുസരിച്ചുള്ള നൂതന സാങ്കേതികവിദ്യകൾ ഉപയോഗിച്ചുള്ള പ്രതിരോധ പ്രവർത്തനങ്ങൾ എ.ഡി.ബി., വേൾഡ് ബാങ്ക് മുതലായ ഏജൻസികളുടെ സഹായത്തോടെ നടപ്പിലാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു |

| | | | |
|---|---|---|---|
| | | | വരുന്നു. സർക്കാരിന്റെ അനുമതിയും, ഫണ്ടിന്റെ ലഭ്യതയ്ക്കനുസൃതമായി, ടി പ്രവർത്തികൾ സമയബന്ധിതമായും, ഫലപ്രദമായും നടപ്പാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കാവുന്നതാണ്. തീരശോഷണം നേരിടുന്ന പ്രദേശങ്ങളിൽ തീരപ്രദേശത്തിന്റെ സംരക്ഷണവും തീരദേശ ജനതയുടെ സുരക്ഷയും ഉറപ്പാക്കുന്നതിനു വേണ്ടി കടൽഭിത്തിയുടെ നിർമാണത്തിനും തകർന്ന കടൽ ഭിത്തിയുടെ പുനരുദ്ധാരണത്തിനും വേണ്ടിയുള്ള പ്രവൃത്തികളുടെ എസ്റ്റിമേറ്റുകൾ തയ്യാറാക്കി അനുമതി ലഭിക്കുന്ന മുറയ്ക്ക് പ്രവൃത്തി ഏറ്റെടുത്ത് സമയബന്ധിതമായി പൂർത്തീകരിക്കുകയും ചെയ്തുവരുന്നു. തീരസംരക്ഷണത്തിന് കരിങ്കല്ല് ഉപയോഗിച്ച് കടൽഭിത്തി നിർമ്മാണ/ പുനരുദ്ധാരണ പ്രവൃത്തികളും ശാസ്ത്രീയപഠന റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ പുലിമുട്ടുകളുടെ നിർമ്മാണ പ്രവൃത്തികളും നടപ്പിലാക്കി വരുന്നു. കൂടാതെ ദീർഘകാല പദ്ധതികൾ ആസൂത്രണം ചെയ്ത് നടപ്പിലാക്കുന്നതിന് കാലതാമസം നേരിടുമെന്നതിനാൽ കാലവർഷത്തിന് മുന്നോടിയായി വിവിധ തീരപ്രദേശങ്ങളുടെ സംരക്ഷണത്തിനായും തീരദേശജനതയുടെ സുരക്ഷ ഉറപ്പാക്കുന്നതിനുമായി ജിയോബാഗുകൾ ഉപയോഗിച്ചുള്ള അടിയന്തര താത്കാലിക സംരക്ഷണ പ്രവൃത്തികളും വകുപ്പ് ഏറ്റെടുത്ത് നടപ്പിലാക്കി വരുന്നുണ്ട്. |

സെക്ഷൻ ഓഫീസർ